**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 818

30/06/2011-ൽ മറുപടി
നല്കേണ്ടത്

## മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. പി. സി. വിഷ്ണുനാഥ്: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കേസുകൾ വേഗത്തിലാക്കുന്ന മൂന്നാർ ട്രൈബ്യൂണൽ പ്രവർത്തനം ആരംഭിച്ചോ ; | (എ) പ്രവർത്തനം ആരംഭിച്ചു. |
| (ബി) എത്ര കേസുകൾ ഈ ട്രൈബ്യൂണലിന് കൈമാറി; എത്രയെണ്ണം തീർപ്പാക്കി; | (ബി) ബഹു: കേരള ഹൈക്കോടതിയുൾപ്പെടെയുള്ള വിവിധ കോടതികളിൽ വിചാരണയിലിരിക്കുന്ന കേസുകൾ ഉൾപ്പെടെ ആകെ നാളിതുവരെ 109 കേസുകൾ മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന് കൈമാറിയിട്ടുണ്ട്. ടി കേസിൽ രണ്ടെണ്ണം തീർപ്പായിട്ടുണ്ട്. |
| (സി) കേസുകൾ തീർപ്പാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും എന്തെങ്കിലും പദ്ധതികൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; | (സി) വേഗത്തിൽ കേസുകൾ തീർപ്പാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ സ്ഥാപിതമായിട്ടുള്ളത്. |
| (ഡി) മൂന്നാർ ഉൾപ്പെടെ വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ അനധികൃതമായി ഭൂമാഫിയ കയ്യടക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; | (ഡി) മൂന്നാർ ഉൾപ്പെടെ വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിൽ അനധികൃതമായി ഭൂമി കൈയേറ്റം നടന്നിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് എന്ത് നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്? | (ഇ) 1957ലെ കേരളാ ഭൂസംരക്ഷണനിയമ പ്രകാരം കർശന നടപടി സ്വീകരിച്ചു വരികയാണ്. കൂടാതെ അനധികൃത പ്രവർത്തനങ്ങൾ തടയുന്നതിന് ഇടുക്കി ജില്ലയിൽ സബ് കളക്ടറുടെ സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ